**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **05-08-2021 - ൽ മറുപടിയ്ക്ക്**

**സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് ഉല്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ പൊതുവിപണിയിലെ മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/ വകുപ്പ് തലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇരുപത്തിരണ്ട് അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽസപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും, അവിടെ നിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുവിതരണ ശൃംഖലയിലെ അഴിമതിയും, ക്രമക്കേടും ഇല്ലാതാക്കുന്നതിന് ഭക്ഷ്യധാന്യ വിപണിയിലെ തട്ടിപ്പുകൾ കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ് , അവധി വ്യാപാരം , കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിന് ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. ഇപ്രകാരം വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ KTPDS (Control) order 2021 പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. കോവിഡ് 19 മായി ബന്ധപ്പെട്ട് ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനും ശക്തമായ പരിശോധനകൾ വഴി കഴിഞ്ഞിട്ടുണ്ട്. ഓരോ ദിവസത്തേയും അവശ്യ സാധനങ്ങളുടെ വില വിവരം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി അവലോകനം നടത്തി അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് സ്റ്റോക്ക് ലഭ്യത ഉറപ്പ് വരുത്തി തടയാൻ സാധിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന രീതിയിൽ, ഓൺലൈൻ പരാതി പരിഹാര സംവിധാനം ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം എന്നിവ ആരംഭിക്കുകയും കൂടാതെ സംസ്ഥാനത്തെ ജില്ലാ, താലൂക്ക് റേഷൻ കട വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യതിലൂടെ ക്രമക്കേടുകൾ തടയാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ